PRINT

Qn No. 1 **Chapter Name:4. അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**ചില രോഗങ്ങളുമായി ബന്ധപ്പെട്ട സൂചനകൾ നൽകിയിരിക്കുന്നു. ഓരോന്നിനും ഉചിതമായ കാരണങ്ങൾ എഴുതുക.**

1. ഡിഫ്തീരിയ രോഗാവസ്ഥയിൽ ചാരനിറത്തിലുള്ള ഒരാവരണം തൊണ്ടയിൽ വ്യാപിക്കുന്നു.
2. പ്രളയബാധിത പ്രദേശങ്ങളിൽ ജലജന്യരോഗങ്ങളെ തടയേണ്ടത് അത്യാവശ്യമാണ്.

**Hint.**

1. രോഗകാരിയായ ബാക്ടീരിയ ഉത്പാദിപ്പിക്കുന്ന ടോക്സിനുകൾ നശിപ്പിക്കുന്ന ശ്ലേഷ്മാവരണത്തിലെ കോശങ്ങൾ രണ്ടോ മൂന്നോ ദിവസങ്ങൾക്കകം കട്ടിയുള്ള ചാരനിറത്തിലുള്ള ഒരാവരണം തൊണ്ടയിൽ ഉണ്ടാക്കുന്നു. ഡിഫ്തീരിയ രോഗാവസ്ഥയിൽ ചാരനിറത്തിലുള്ള ഒരാവരണം തൊണ്ടയിൽ വ്യാപിക്കുന്നു.
2. പ്രളയബാധിത പ്രദേശങ്ങളിൽ ജലജന്യരോഗങ്ങളെ തടയേണ്ടത് അത്യാവശ്യമാണ്.

***Marks :(2)***

Hide Answer

**Qn No. 2** **Chapter Name:4. അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**മാതൃക അനുസരിച്ച് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ക്രമീകരിക്കുക**

**രോഗം - രോഗകാരി - രോഗി**

**a) കുളമ്പുരോഗം b) വാട്ടം c) മലമ്പനി d) ബാക്ടീരിയ e) വൈറസ് f) പ്രോട്ടോസോവ g) മനുഷ്യൻ h) കന്നുകാലി i) സസ്യം**

**Hint.**

| രോഗം | രോഗകാരി | രോഗി |
|---|---|---|
| a | e | h |
| b | d | i |
| c | f | g |

***Marks :(3)***

Hide Answer

**Qn No. 3** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**അടിവരയിട്ട പദത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക**

**a) ഹീമോഫീലിയ ഒരു ജീവിതശൈലീരോഗമാണ്**

**b) പന്നിയാണ് നിപയുടെ ആത്യന്തിക ഉറവിടം**

**c) തലച്ചോറിനെ ബാധിക്കുന്ന രോഗമാണ് എംഫിസീമ**

**Hint.**

**a) ജനിതകരോഗം**

**b)വവ്വാൽ**

**c) ശ്വാസകോശങ്ങൾ**

***Marks :(3)***

Hide Answer

**Qn No. 4** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**ഉറവിടത്തിൽ നിന്ന് നിപ വൈറസ് മനുഷ്യനിലെത്തുന്ന പാത ഏതൊക്കെയെന്ന് വിശകലനം ചെയ്ത് എഴുതുക**

**Hint.**

വവ്വാൽ → പഴങ്ങൾ → മനുഷ്യൻ

വവ്വാൽ → പന്നി → മനുഷ്യൻ

വവ്വാൽ → മനുഷ്യൻ

വവ്വാൽ → പഴങ്ങൾ → പന്നി → മനുഷ്യൻ

പന്നി → മനുഷ്യൻ

മനുഷ്യൻ → മനുഷ്യൻ

***Marks :(3)***

Hide Answer

**Qn No. 5** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**രോഗാണുക്കളെ അടിസ്ഥാനമാക്കി രോഗങ്ങളെ തരംതിരിക്കുക**

**a) എലിപ്പനി b) നിപ c) അത്‌ലറ്റ്സ് ഫൂട്ട് d) മലമ്പനി**

**Hint.**
**a) ബാക്ടീരിയ രോഗം**

**b) വൈറസ് രോഗം**

**c) ഫംഗസ് രോഗം**

**d) പ്രോട്ടോസോവ**

***Marks :(4)***

Hide Answer

**Qn No. 6** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**രോഗലക്ഷണങ്ങൾ വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

***പനി**

*** തൊണ്ടവേദന**

***കഴുത്തിലെ ലിംഫ് ഗ്രന്ഥികളുടെ വീക്കം**

***തൊണ്ടയിൽ ചാരനിറത്തിലുള്ള ആവരണം**

**a) രോഗത്തിന്റേയും രോഗാണുവിന്റേയും പേരെഴുതുക**

**b)ചികിത്സയേക്കാൾ മികച്ചത് പ്രതിരോധമാണ്. ഈ മുദ്രാവാക്യം ഈ രോഗത്തെ സംബന്ധിച്ച് വളരെയധികം ബാധകമാണ്. എന്തുകൊണ്ട്?**

**Hint.**
**a) ഡിഫ്തീരിയ. കോറിനി ബാക്ടീരിയം ഡിഫ്തീരിയെ**


**b) ഈ രോഗം മാരകമാണ്. ചികിത്സ വളരെ ദുർഘടമാണ്. പകരാനുള്ള സാധ്യതയും കൂടുതലാണ്. അതുകൊണ്ട് രോഗപ്രതിരോധത്തിന് വാക്സിനേഷനാണ് ഉചിതം**

***Marks :(3)***

Hide Answer

**Qn No. 7** ***Chapter Name:4. അകറ്റി നിർത്താം രോഗങ്ങളെ***

**Qn.**
**ആശയചിത്രീകരണം പൂർത്തിയാക്കുക.**




**Hint.**
**A- വിരകൾ**

**B- ഫംഗസ്**

**C- മലമ്പനി**

**D- അത്‌ലറ്റ്സ് ഫുട്ട്**

**E- കാലുകളിലെ ലിംഫ് വാഹികൾ വീങ്ങുന്നു.**

**F- വട്ടത്തിലുള്ള ചുവന്ന തിണർപ്പുകൾ**

***Marks :(3)***

Hide Answer

**Qn No. 8** ***Chapter Name:4. അകറ്റി നിർത്താം രോഗങ്ങളെ***

**Qn.**
**A, Bഎന്നീ ചിത്രങ്ങൾ നിരീക്ഷിക്കുക.**



A B

a) A, Bഎന്നീ ചിത്രങ്ങളിലെ അരുണരക്താണുക്കളുടെ ആകൃതിയിലുള്ള വ്യത്യാസമെന്ത്?

b) B എന്ന ചിത്രം ഏതുരോഗത്തെയാണ് സൂചിപ്പിക്കുന്നത്?

c) ഈ രോഗം ഏതുവിഭാഗത്തിൽപ്പെടുന്നു?

d) ഈ രോഗികൾക്ക് വിളർച്ച അനുഭവപ്പെടുന്നതിന് കാരണമെന്ത്?

**Hint.**

**a) A- സാധാരണ ചുവന്ന രക്തകോശം, Bഅരിവാൾ ആകൃതിയിലായ ചുവന്ന രക്തകോശം.**

**b) B- സിക്കിൾ സെൽ അനീമിയ**

**c) ജനിതകരോഗം**

**d) അരുണരക്താണുക്കളുടെ ഓക്സിജൻ വാഹകശേഷി കുറയുന്നു, അരിവാൾ രൂപത്തിലായ രക്തകോശങ്ങൾ രക്തക്കുഴലുകളിൽ തങ്ങിനിന്ന് രക്തപ്രവാഹം തടസ്സപ്പെടുന്നു.**


***Marks :(4)***

Hide Answer

**Qn No. 9** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**ഒരു പട്ടണത്തിലെ ആരോഗ്യസർവ്വേയുടെ വിവരങ്ങൾ പൈ ഡയഗ്രത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ഡയഗ്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**




**a)ഏറ്റവും കുറവ് ആളുകളെ ബാധിച്ച രോഗമേത്? ഇതിന് ഒരു ഉദാഹരണമെഴുതുക.**

**b) ഏറ്റവും അധികം ആളുകളെ ബാധിച്ചിട്ടുള്ളത് ഏതുതരം രോഗമാണ്?**

**c) ഈ വിഭാഗത്തിൽപ്പെട്ട രോഗങ്ങൾക്ക് രണ്ട് ഉദാഹരണം എഴുതുക.**

**d) ഇത്തരം രോഗങ്ങളെ ചെറുക്കാൻ അനുവർത്തിക്കേണ്ടുന്ന രണ്ട് ആരോഗ്യശീലങ്ങൾ എഴുതുക.**

**Hint.**

**a) ജന്തുക്കളിലൂടെയുള്ള രോഗങ്ങൾ, ഉദാ- ആന്ത്രാക്സ്**

**b) ജീവിതശൈലീ രോഗങ്ങൾ**

**c) പ്രമേഹം, ഫാറ്റിലിവർ**

**d) കൊഴുപ്പ് കൂടുതലടങ്ങിയ ഭക്ഷണം ഒവിവാക്കുക, കൃത്യമായ വ്യായാമമുറകൾ ശീലിക്കുക.**


***Marks :(4)***

Hide Answer

**Qn No. 10** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**ഒരു ഗ്രാമത്തിലെ ആരോഗ്യസർവ്വേ പ്രകാരം തയ്യാറാക്കിയ ഗ്രാഫ് ചുവടെ നൽകിയിരിക്കുന്നു. ഗ്രാഫ് നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**




**a) കൊതുകുകളുടെ സാന്ദ്രതയും രോഗികളുടെ എണ്ണവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?**

**b) ഈ പ്രദേശത്ത് വരാനിടയുള്ള രണ്ട് സാംക്രമികരോഗങ്ങൾ ഏതെല്ലാം?**

**c) ഇത്തരം രോഗങ്ങളെ ചെറുക്കാൻ നിങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്ന രണ്ട് പ്രവർത്തനങ്ങൾ എഴുതുക.**

**Hint.**

**a) കൊതുകുകളുടെ സാന്ദ്രത കൂടുന്നതിനനുസരിച്ച് രോഗികളുടെ എണ്ണവും കൂടുന്നു.**

**b) ഡെങ്കിപ്പനി, ചിക്കുൻഗുനിയ**

**c) കൊതുകുനശീകരണം, പരിസരശുചിത്വം, ഡ്രൈഡേ ആചരിക്കൽ**


***Marks :(4)***

Hide Answer

**Qn No. 11** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**ഗ്രാഫ് നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**




**a) പട്ടണം എ യെ ഏറ്റവും കൂടുതൽ ബാധിക്കാനിടയുള്ള രോഗമേത്?**

**b) പട്ടണം C യിൽ ഏതുരോഗം ഉണ്ടാകാനുള്ള സാധ്യതയാണ് കൂടുതലുള്ളത്?**

**c) A, B, C എന്നീ പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾ രോഗബാധ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണം?**

**Hint.**

**a) മലമ്പനി**

**b) മന്തുരോഗം**

**c) കൊതുകുനിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുക (ഡ്രൈ ഡേ ആചരണം, പരിസരശുചിത്വം.**


***Marks :(3)***

Hide Answer

**Qn No. 12** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**മഴക്കാലത്ത് ഒരു പ്രദേശത്ത് പടർന്നുപിടിച്ച രോഗങ്ങളെപ്പറ്റിയുള്ള ഗ്രാഫ് തന്നിരിക്കുന്നു. ഗ്രാഫ് നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**




**a)ഏറ്റവും കൂടുതൽ ആൾക്കാരെ ബാധിച്ച രോഗമേത്?**

**b) ഫൈലേറിയൽ വിര ഉണ്ടാക്കുന്ന രോഗമേത്?**

**c) ഇത്തരം രോഗങ്ങൾ തടയാൻ സ്വീകരിക്കാവുന്ന മുൻകരുതലുകൾ എന്തെല്ലാം?**

**Hint.**

**a) A- പ്രോട്ടോസോവ**

**b) B- മന്തുരോഗം**

**c) C- കൊതുകുനിയന്ത്രണം, പരിസരശുചിത്വം, വെള്ളം കെട്ടിക്കിടക്കുന്നത് ഒ! ഴിവാക്കുക.**

***Marks :(3)***

Hide Answer

◆

**Qn No. 13** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**ചുവടെ നൽകിയ പ്രസ്താവനകൾ വിശകലനം ചെയ്ത് ഓരോന്നിന്റേയും പ്രാധാന്യം എന്തെന്നെഴുതുക.**

1. **ഡിഫ്തീരിയയെ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഉചിതമായ പ്രതിരോധ വാക്സിൻ സ്വീകരിക്കുക എന്നുള്ളതാണ്.**
2. **വാവലുകൾ ഭക്ഷിച്ച പഴങ്ങളുടെ അവശിഷ്ടങ്ങൾ കഴിയ്ക്കുന്നത് ആരോഗ്യത്തിന് ഭീഷണിയാണ്.**

**Hint.**

1. ഡിഫ്ത്തീരിയ രോഗബാധയിൽ ടോക്സിനുകൾക്കെതിരെ പ്രയോഗിക്കുന്ന ആന്റിടോക്സിനുകൾ രോഗബാധയേൽക്കാത്ത കോശങ്ങളെ ഒരു പരിധിവരെ സംരക്ഷിക്കുന്നു എങ്കിലും രോഗം മൂർച്ഛിച്ച അവസ്ഥയിൽ മരുന്നുപയോഗിച്ച് രോഗിയെ രക്ഷപ്പെടുത്താനാവില്ല. അതിനാൽ ഡിഫ്ത്തീരിയയെ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഉചിതമായ പ്രതിരോധ വാക്സിൻ സ്വീകരിക്കുക എന്നുള്ളതാണ്.
2. നിപ പോലുള്ള വൈറസ് ബാധിച്ച വാവലുകൾ ഭക്ഷിച്ച പഴങ്ങളുടെ അവശിഷ്ടങ്ങൾ കഴിയ്ക്കുന്നത് രോഗബാധയ്ക്ക് കാരണമാകും. അതിനാൽ വാവലുകൾ ഭക്ഷിച്ച പഴങ്ങളുടെ അവശിഷ്ടങ്ങൾ കഴിയ്ക്കുന്നത് ആരോഗ്യത്തിന് ഭീഷണിയാണ്.

***Marks :(2)***

Hide Answer

**Qn No. 14** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**ചുവടെ നൽകിയിരിക്കുന്ന രോഗങ്ങൾ തിരിച്ചറിഞ്ഞ് രോഗകാരി, ലക്ഷണം എന്നിവ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.**

| രോഗം | രോഗകാരി | ലക്ഷണം |
|---|---|---|
| എലിപ്പനി | | |
| ക്ഷയം | | |
| ഡിഫ്ത്തീരിയ | | |
| എയ്ഡ്സ് | | |

**Hint.**

| രോഗം | രോഗകാരി | ലക്ഷണം |
|---|---|---|
| എലിപ്പനി | ലെപ്റ്റോസ്പൈറ ബാക്ടീരിയ | ശക്തമായ പനി, തലവേദന, പേശീവേദന, കണ്ണിനുണ്ടാകുന്ന ചുവപ്പുനിറം, രക്തലോമികകളിലെ തകരാറ്, ആന്തരിക രക്തസ്രാവം |
| ക്ഷയം | മൈകോബാക്ടീരിയം ട്യൂബർക്കുലോസിസ് | ശരീരത്തിന് ഭാരക്കുറവ് അനുഭവപ്പെടുക, ക്ഷീണം, സ്ഥിരമായ ചുമ. |
| ഡിഫ്ത്തീരിയ | കോറിനിബാക്ടീരിയം ഡിഫ്ത്തീരിയെ | പനി, തൊണ്ടവേദന, കഴുത്തിലെ ലിംഫ് ഗ്രന്ഥികളിലെ വീക്കം |

| | | |
|---|---|---|
| എയ്ഡ്സ് | ഹ്യൂമൻ ഇമ്മ്യൂണോഡെഫിഷ്യൻസി വൈറസ് | ശരീരത്തിന്റെ രോഗപ്രതിരോധശേഷി കുറയുന്നു, ശരീരത്തെ ബാധിക്കുന്ന വിവിധ രോഗാണുക്കൾ രോഗാവസ്ഥ മാരകമാക്കുന്നു. |

***Marks :(4)***

Hide Answer

**Qn No. 15** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**ചുവടെ നൽകിയ രോഗലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് രോഗമേതെന്ന് എഴുതുക. രോഗപ്പകർച്ചയ്ക്ക് കാരണവും പ്രതിരോധമാർഗ്ഗങ്ങളും തിരിച്ചറിഞ്ഞെഴുതുക.**

- **രക്തത്തിൽ ബിലിറൂബിന്റെ അളവ് കൂടിയിരിക്കുന്നു.**
- **കണ്ണിന്റെ വെള്ളയിലും നഖത്തിലും കടുത്ത മഞ്ഞനിറം.**

**Hint.**
**രോഗം - ഹെപ്പറ്റൈറ്റിസ്.**

**രോഗപ്പകർച്ചാരീതി- മലിനമായ ആഹാരം, ജലം, രോഗിയുടെ രക്തഘടകങ്ങൾ, വിസർജ്ജ്യവസ്തുക്കൾ എന്നിവയിലൂടെ രോഗം വ്യാപിക്കുന്നു.**

**പ്രതിരോധമാർഗ്ഗങ്ങൾ- ആഹാരപദാർത്ഥങ്ങൾ ശുചിയായി സൂക്ഷിക്കുക, തിളപ്പിച്ചാറ്റിയ ശുദ്ധജലം മാത്രം കുടിക്കുക.**

***Marks :(3)***

Hide Answer

**Qn No. 16** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**ചുവടെ നൽകിയ രോഗങ്ങളുടെ വ്യാപനരീതി തിരിച്ചറിഞ്ഞ് ഉചിതമായ പ്രതിരോധപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക.**

1. **എലിപ്പനി**
2. **ഡിഫ്തീരിയ**
3. **ക്ഷയം**

**Hint.**
**a) എലിപ്പനി-**

**പകരുന്ന വിധം- എലികളുടേയും നായ്ക്കളുടേയും മറ്റുചില മൃഗങ്ങളുടേയും മൂത്രത്തിലൂടെപുറത്തെത്തുന്ന ബാക്ടീരിയ കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഈർപ്പത്തിലും നിലനിൽക്കും. ഈ ബാക്ടീരിയകൾ മുറിവിലൂടെ രക്തത്തിലെത്തി ശരീരകലകളെ ബാധിക്കുന്നു.**

**പ്രതിരോധമാർഗ്ഗങ്ങൾ- എലിനശീകരണം, കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളയുക, അണുവിമുക്തമായ പരിസരം ഉറപ്പാക്കുക, പരിസരശുചിതവം പാലിക്കുക.**

**b) ഡിഫ്ത്തീരിയ-**

**പകരുന്ന വിധം- ചുമ, തുമ്മൽ എന്നിവയിലൂടെ രോഗബാധിതരിൽ നിന്ന് മറ്റുള്ളവരിലേയ്ക്ക് പകരുന്നു.**

**പ്രതിരോധമാർഗ്ഗങ്ങൾ- ഡിഫ്ത്തീരിയയ്ക്കതിരായ പ്രതിരോധ വാക്സിൻ സ്വീകരിക്കുക, രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുക.**

**c) ക്ഷയം-**

**പകരുന്ന വിധം- രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ സംസാരിക്കുമ്പോഴോ രോഗാണുക്കൾ വായുവിലേയ്ക്കും മറ്റുള്ളവരിലേയ്ക്കും ബാധിക്കും.**


**പ്രതിരോധമാർഗ്ഗങ്ങൾ- ബി.സി.ജി പ്രതിരോധവാക്സിൻ സ്വീകരിക്കുക, രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുക.**

***Marks :(3)***

Hide Answer

**Qn No. 17** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**A, Bഎന്നീ ചിത്രങ്ങൾ നിരീക്ഷിക്കുക.**




**a) A, Bഎന്നീ ചിത്രങ്ങളിലെ അരുണരക്താണുക്കളുടെ ആകൃതിയിലുള്ള വ്യത്യാസമെന്ത്?**

**b) B എന്ന ചിത്രം ഏതുരോഗത്തെയാണ് സൂചിപ്പിക്കുന്നത്?**

**c) ഈ രോഗം ഏതുവിഭാഗത്തിൽപ്പെടുന്നു?**

**d) ഈ രോഗികൾക്ക് വിളർച്ച അനുഭവപ്പെടുന്നതിന് കാരണമെന്ത്?**

**Hint.**
**a) A- സാധാരണ ചുവന്ന രക്തകോശം, Bഅരിവാൾ ആകൃതിയിലായ ചുവന്ന രക്തകോശം.**

**b) B- സിക്കിൾ സെൽ അനീമിയ**

**c) ജനിതകരോഗം**

**d) അരുണരക്താണുക്കളുടെ ഓക്സിജൻ വാഹകശേഷി കുറയുന്നു, അരിവാൾ രൂപത്തിലായ രക്തകോശങ്ങൾ രക്തക്കുഴലുകളിൽ തങ്ങിനിന്ന് രക്തപ്രവാഹം തടസ്സപ്പെടുന്നു.**

***Marks :(4)***

Hide Answer

**Qn No. 18** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**വികിരണചികിത്സ, രാസചികിത്സ എന്നീ രീതികൾ ഏതുരോഗത്തിന്റെ ചികിത്സയ്ക്കാണ് പ്രയോജനപ്പെടുത്തുന്നത്? ഈ രോഗത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്തെല്ലാം?**

**Hint.**
**ക്യാൻസർ ചികിത്സയ്ക്ക്.**

**വൈറസ്, വികിരണങ്ങൾ, പരിസ്ഥിതി ഘടകങ്ങൾ, പുകവലി, പാരമ്പര്യഘടകങ്ങൾ,**

***Marks :(3)***

Hide Answer

**Qn No. 19** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**സൂക്ഷ്മജീവികളാണ് മനുഷ്യനെ ബാധിക്കുന്ന എല്ലാ രോഗങ്ങൾക്കും കാരണം. ക്ലാസ് ചർച്ചയ്ക്കിടയിൽ ഉയർന്ന ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം എന്ത്? ഉദാഹരണ സഹിതം വിശദമാക്കുക.**

**Hint.**
**ഈ അഭിപ്രായം ശരിയല്ല. എല്ലാ രോഗങ്ങളും ഉണ്ടാക്കുന്നത് സൂക്ഷ്മജീവികളല്ല.**

**ഉദാഹരണം- ജീനുകളുടെ തകരാറ് മൂലമാണ് ഹീമോഫീലിയ ഉണ്ടാകുന്നത്/ (മറ്റേതെങ്കിലും പകരാത്ത രോഗങ്ങൾ - ജീവിതശൈലിരോഗം/ അപര്യാപ്തതാ രോഗം/ ഹോർമോൺ തകരാറ്)**

***Marks :(2)***

Hide Answer

**Qn No. 20** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**സ്കൂൾ ഹെൽത്ത് ക്ലബ്ബ് ക്ഷയരോഗ ബോധവൽക്കരണത്തിനായി സംഘടിപ്പിക്കുന്ന ക്ലാസിൽ പ്രദർശിപ്പിക്കാനാവശ്യമായ പോസ്റ്ററിൽ ഉൾപ്പെടുത്താവുന്ന നാല് ആശയങ്ങൾ എഴുതുക.**

**Hint.**
- **ക്ഷയം വായുവിലൂടെ പകരുന്ന രോഗമാണ്.**
- **ഇത് ബാക്ടീരിയ ഉണ്ടാക്കുന്ന രോഗമാണ്.**
- **ഈ രോഗത്തിന് എതിരായ വാക്സിനാണ് ബി.സി.ജി.**
- **ഡോട്സ് ഈ രോഗത്തിനുള്ള ഫലപ്രദമായ ചികിത്സയാണ്.**

***Marks :(2)***

Hide Answer

**Qn No. 21** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**ബോക്സിൽ നൽകിയിരിക്കുന്ന രോഗങ്ങൾ രോഗകാരികളെ അടിസ്ഥാനപ്പെടുത്തി ഉചിതമായ തലക്കെട്ട് നൽകി പട്ടികയിലുൾപ്പെടുത്തുക.**

| |
|---|
| അത്‌ലറ്റ്സ് ഫുട്ട്, നിപ, ഡിഫ്ത്തീരിയ, വട്ടച്ചൊറി, ബ്ലൈറ്റ്, മൊസൈക് രോഗം |

**Hint.**

| ബാക്ടീരിയ | ഫംഗസ് | വൈറസ് |
|---|---|---|
| ബ്ലൈറ്റ് | അത്‌ലറ്റ്സ് ഫുട്ട് | നിപ |
| ഡിഫ്ത്തീരിയ | വട്ടച്ചൊറി, | മൊസൈക് രോഗം |

***Marks :(3)***

Hide Answer

**Qn No. 22** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**ജന്തുക്കളുമായുള്ള സമ്പർക്കത്തിലൂടെ പകരുന്ന രോഗമാണ് ആന്ത്രാക്സ്.**

**a) ഈ രോഗത്തിന് കാരണമായ സൂക്ഷ്മജീവി ഏതാണ്?**

**b) ഈ സൂക്ഷ്മജീവി മനുഷ്യശരീരത്തിൽ പ്രവേശിക്കുന്ന ഏതെങ്കിലും രണ്ട് രീതികളും അതുവഴിയുണ്ടാകുന്ന രോഗങ്ങളും എഴുതുക.**

**Hint.**
**a) ബാക്ടീരിയ**

**b) – വായുവിലൂടെ -ക്ഷയം**

**-എലിമൂത്രം കലർന്ന ജലത്തിലൂടെ -എലിപ്പനി**

***Marks :(2)***

Hide Answer

**Qn No. 23** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**തന്നിരിക്കുന്ന സവിശേഷതകളെ ഏത് സൂക്ഷ്മജീവികളുടേതാണെന്ന് തിരിച്ചറിഞ്ഞ് എഴുതുക.**

**എ) വ്യക്തമായ ന്യൂക്ലിയസ് ഇല്ലാത്ത ഏകകോശജീവികൾ, കോശാംഗങ്ങൾ ഇല്ല,**

ബി) ദ്വിവിഭജനത്തിലൂടെ പെരുകുന്നു, പ്രോട്ടീൻ ആവരണത്തിനുള്ളിൽ ജനിതകവസ്തു ഉൾക്കൊള്ളുന്ന ലഘുഘടന

**Hint.**

എ) ബാക്ടീരിയ

ബി) വൈറസ്

***Marks :(3)***

Hide Answer

**Qn No. 24** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

പത്രവാർത്ത

| |
|---|
| എച്ച്.ഐ.വി. ബാധിതനായ വിദ്യാർത്ഥിയ്ക്ക് ഹോസ്റ്റലിൽ താമസിക്കുന്നതിന് അനുമതി നിഷേധിച്ചു. മറ്റ് കുട്ടികളിലേയ്ക്ക് രോഗം ബാധിക്കും എന്നുള്ളതിനാലാണ് അനുമതി നിഷേധിച്ചത്. |

a) ഈ പത്രവാർത്തയോട് ശാസ്ത്രവിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ പ്രതികരണമെന്ത്?

b) എച്ച്.ഐ.വി. ബാധിച്ചവരോട് നമ്മുടെ സമീപനം എങ്ങനെയായിരിക്കണം?

**Hint.**

a) ശരീരദ്രവങ്ങളിലൂടെ മാത്രമേ എച്ച്.ഐ.വി പകരൂ. സ്പർശനം, ഒരുമിച്ചുതാമസിക്കൽ, ഹസ്തദാനം, ആഹാരം പങ്കിടൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ എയിഡ്സ് പകരില്ല. അതിനാൽ കുട്ടിയ്ക്ക് ഹോസ്റ്റലിൽ താമസിക്കുന്നതിനുള്ള അനുമതി നിഷേധിക്കാൻ പാടില്ല.

b) എയിഡ്സ് രോഗിയെ ഭയക്കേണ്ടതില്ല. സഹാനുഭൂതിയോടെ രോഗിയെ കാണണം. രോഗം, ചികിത്സ എന്നിവയെക്കുറിച്ച് രോഗിയ്ക്കും ബന്ധുക്കൾക്കും അവബോധം നൽകണം. സമൂഹത്തിൽ അവരെ ഒറ്റപ്പെടുത്താതിരിക്കണം.

***Marks :(2)***

Hide Answer

**Qn No. 25** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**മനുഷ്യശരീരത്തിലെ ലിഫോസൈറ്റുകളുടെ എണ്ണം കുറച്ച് പ്രതിരോധശേഷി കുറയ്ക്കുന്ന സൂക്ഷ്മജീവിയുണ്ട്.**

**a) ഏതാണ് ഈ സൂക്ഷ്മജീവി?**

**b) ഈ സൂക്ഷ്മജീവി ഉണ്ടാക്കുന്ന രോഗമേത്?**

**c) ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ഈ രോഗം ബാധിക്കുന്നത്?**

**Hint.**
**a) എച്ച്.ഐ.വി.**

**b) എയിഡ്സ്**

**c) എയിഡ്സ് ബാധിതർ ഉപയോഗിച്ച സൂചിയും സിറിഞ്ചും പങ്കുവയ്ക്കുന്നതിലൂടെ, എച്ച്. ഐ. വി ബാധിതരുമായുള്ള ലൈംഗികബന്ധങ്ങളിലൂടെ, എച്ച്. ഐ. വി. അടങ്ങിയ രക്തവും അവയവങ്ങളും സ്വീകരിക്കുന്നതിലൂടെ, എച്ച്.ഐ.വി ബാധിതയായ അമ്മയിൽ നിന്ന് കുഞ്ഞിലേയ്ക്ക്.**

***Marks :(3)***

Hide Answer

**Qn No. 26** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുന്നത് ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കും. ഈ പ്രസ്താവന വിലയിരുത്തുക.**

**Hint.**
**ഡ്രൈ ഡേ ആചരിക്കുന്നതിലൂടെ കൊതുകുകൾ പെരുകുന്നത് നിയന്ത്രിക്കാനാകും. അതുവഴി ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കാൻ കഴിയും.**

***Marks :(2)***

Hide Answer

**Qn No. 27** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**

**തന്നിരിക്കുന്ന പ്രസ്താവനകൾ വിശകലനം ചെയ്ത് രോഗങ്ങളേതെന്ന് തിരിച്ചറിഞ്ഞെഴുതുക.**

**a) ശരീരത്തിലെ ലിംഫോസൈറ്റുകളുടെ എണ്ണം കുറഞ്ഞ് രോഗപ്രതിരോധശേഷി കുറയുന്നു.**

**b) ലിംഫ് ഗ്രന്ഥികളിൽ ലിംഫ് പ്രവാഹം തടസ്സപ്പെടുന്നു.**

**c) ഹീമോഗ്ലോബിൻ ഘടനയിലെ വൈകല്യം മൂലം ഓക്സിജൻ സംവഹനശേഷി കുറയുന്നു.**

**Hint.**
**a) എയിഡ്സ്**

**b) മന്ത്**

**c) സിക്കിൾ സെൽ അനീമിയ**

***Marks :(3)***

Hide Answer

**Qn No. 28** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**വൈറസുകളെക്കുറിച്ച് നൽകിയ പ്രസ്താവനകളിൽ ശരിയായവ തെരഞ്ഞെടുത്ത് എഴുതുക.**

**i) പ്രോട്ടീൻ ആവരണത്തിനുള്ളിൽ DNA അല്ലെങ്കിൽ RNA തൻമാത്രകളെ ഉൾക്കൊള്ളുന്ന ലഘുഘടനയാണ് വൈറസുകൾക്കുള്ളത്.**

**ii) വൈറസുകളിൽ എല്ലാ കോശാംഗങ്ങളും കാണപ്പെടുന്നു.**

**iii) ആതിഥേയകോശങ്ങളുടെ ജനിതകസംവിധാനം ഉപയോഗപ്പെടുത്തിയാണ് വൈറസുകൾ പെരുകുന്നത്.**

**iv) ബാക്ടീരിയ പോലുള്ള സൂക്ഷ്മജീവികളെ വൈറസുകൾ ബാധിക്കാറില്ല.**

**a) iഉം ii ഉം ശരി b) iഉം iii ഉം ശരി c) iiഉം iii ഉം ശരി d) iiiഉം iv ഉം ശരി**

**Hint.**
**b) iഉം iii ഉം ശരി**

***Marks :(1)***

Hide Answer

**Qn No. 29** *Chapter Name:4.* അകറ്റി നിർത്താം രോഗങ്ങളെ

**Qn.**
പട്ടിക പൂർത്തിയാക്കുക.

| | | | |
|---|---|---|---|
| A | ഫംഗസ് | B | ത്വക്കിൽ ചുവന്ന തിണർപ്പുകൾ |
| ക്ഷയം | C | വായുവിലൂടെ | D |
| മലമ്പനി | E | കൊതുകിലൂടെ | F |
| G | ഫൈലേറിയൽ വിര | H | ലിംഫ് വാഹികളിൽ വീക്കം |

**Hint.**

| | | | |
|---|---|---|---|
| A- വട്ടച്ചൊറി | ഫംഗസ് | B- B- സ്പർശനത്തിലൂടെ | ത്വക്കിൽ ചുവന്ന തിണർപ്പുകൾ |
| ക്ഷയം | C- ബാക്ടീരിയ | വായുവിലൂടെ | D-വിട്ടുമാറാത്ത ചുമ |
| മലമ്പനി | E- പ്ലാസ്മോഡിയം | കൊതുകിലൂടെ | F-വിറയലോടുകൂടിയ പനി |
| G- മന്ത് | ഫൈലേറിയൽ വിര | H- കൊതുകിലൂടെ | ലിംഫ് വാഹികളിൽ വീക്കം |

*Marks :(4)*

Hide Answer

**Qn No. 30** *Chapter Name:4.* അകറ്റി നിർത്താം രോഗങ്ങളെ

**Qn.**
താഴെത്തന്നിരിക്കുന്ന ആരോഗ്യശീലങ്ങൾ ചില രോഗങ്ങളെ തടയാൻ സഹായിക്കുന്നവയാണ്. ബോക്സിൽ നൽകിയിരിക്കുന്ന രോഗങ്ങളുമായി ഈ ശീലങ്ങളെ ഉചിതമായി ജോഡി ചേർത്തെഴുതുക.

a) പുകവലി പോലുള്ള ശീലങ്ങൾ ഒഴിവാക്കുക.

b) കൊതുകുകൾ വളരാനുള്ള സാഹചര്യം ഒഴിവാക്കുക.

| |
|---|
| എംഫിസിമ, അത്‌ലറ്റ്സ് ഫുട്ട്, ഡെങ്കിപ്പനി |

**Hint.**
a) എംഫിസിമ

b) ഡെങ്കിപ്പനി

***Marks :(2)***

Hide Answer

**Qn No. 31** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**നിപ , ചിക്കുൻഗുനിയ, ഹെപ്പറ്റൈറ്റിസ് എന്നീ രോഗങ്ങൾ ഉണ്ടാക്കുന്നത് ഒരു പ്രത്യേകവിഭാഗം സൂക്ഷ്മജീവിയാണ്.**

**a) സൂക്ഷ്മജീവി ഏത്?**

**b) ഈ ജീവി വംശവർദ്ധനവ് നടത്തുന്നതെങ്ങനെ?**

**c) ഈ ജീവിയുടെ പൊതുഘടന വിശദീകരിക്കുക.**

**Hint.**
**a) സൂക്ഷ്മജീവി -വൈറസ്**

**b) ആതിഥേയജീവികളുടെ ജനിതകസംവിധാനം ഉപയോഗിച്ച്**

**c) പ്രോട്ടീൻ ആവരണത്തിനുള്ളിൽ ഡി.എൻ.എ അല്ലെങ്കിൽ ആർ.എൻ.എയുള്ള ലഘുഘടന.**

***Marks :(3)***

Hide Answer

**Qn No. 32** ***Chapter Name:4.*** **അകറ്റി നിർത്താം രോഗങ്ങളെ**

**Qn.**
**രോഗാണുക്കൾ ശരീരത്തിലെത്തി ലിംഫോസൈറ്റുകളുടെ ജനിതകസംവിധാനം ഉപയോഗിച്ച് പെരുകുന്നു.**

**a) ഏത് രോഗാണുവിനെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്?**

**b) ഈ രോഗാണു ഉണ്ടാക്കുന്ന രോഗം ഏത്?**

**c) ഈ രോഗം പകരുന്ന ഏതെങ്കിലും നാല് മാർഗ്ഗങ്ങൾ എഴുതുക.**

**Hint.**

**a) എച്ച്.ഐ.വി**

**b) എയിഡ്സ്**

c) എയിഡ്സ് ബാധിതർ ഉപയോഗിച്ച സൂചിയും സിറിഞ്ചും പങ്കിടുന്നതിലൂടെ, ശരീരദ്രവങ്ങളിലൂടെ, വിവാഹപൂർവ്വ, വിവാഹേതര ലൈംഗികബന്ധങ്ങളിലൂടെ, എച്ച്.ഐ.വി. ബാധിതയിൽ നിന്ന് ഗർഭസ്ഥശിശുവിലേയ്ക്ക്.

***Marks :(4)***

Hide Answer